മംഗളം

4 April 2017

# കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭം; കൂടുമത്സ്യകൃഷി വ്യാപകമാകുന്നു

കൊച്ചി: കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭം നേടാവുന്ന കൂടുമത്സ്യകൃഷി കേരളത്തിലും വ്യാപകമാകുന്നു. കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിനു (സി.എം.എഫ്.ആർ.ഐ) കീഴിലാണു സംസ്ഥാനത്തു കൂടുമത്സ്യ കൃഷി ജനകീയമാക്കുന്നത്. സി.എം.എഫ്.ആർ.ഐയുടെ പരിശീലനത്തിൽ പങ്കെടുത്തവർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ ജലാശയങ്ങളിൽ സംഘം ചേർന്നുള്ള കൃഷിക്കു തുടക്കമിട്ടു.

മറ്റു സംസ്ഥാനങ്ങളിൽ കടൽ കൂടുമത്സ്യകൃഷി നേരത്തെ തന്നെ വ്യാപകമാണ്. കേരളത്തിൽ സമുദ്ര കൂടുകൃഷി തുടങ്ങാനിരിക്കുന്നതേയുള്ളൂ. എന്നാൽ, സംസ്ഥാനത്തെ കായലുകളും മറ്റു ജലാശയങ്ങളും കൂടുമത്സ്യകൃഷിക്ക് ഏറെ അനുയോജ്യമാണ്. വാണിജ്യപ്രാധാന്യമുള്ള മത്സ്യയിനങ്ങളായ കാളാഞ്ചി, കരിമീൻ, തിലാപ്പിയ, ചെമ്പല്ലി, വറ്റ എന്നിവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. എറണാകുളം, കോട്ടയം, കണ്ണൂർ, മലപ്പുറം, ആലപ്പുഴ, തൃശൂർ, കൊല്ലം തുടങ്ങിയ ജില്ലകളിൽ നിന്നുള്ളവരാണ് സാങ്കേതിക സഹായം തേടിയത്.



▪ ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്കടുത്തു കായലിൽ തുടങ്ങിയ കൂടുമത്സ്യകൃഷി കൂടുകളിൽ മീൻകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു.

എറണാകുളം ജില്ലയിലാണ് കൂടുമത്സ്യകൃഷി കൂടുതലും നടക്കുന്നത്. ആലുവയിൽ പെരിയാർ നദി, കോട്ടപ്പുറം കായൽ, തൃപ്പൂണിത്തുറ, മൂത്തകുന്നം, ഞാറക്കൽ, വൈപ്പിൻ, എടവനക്കാട്, ആലപ്പുഴ ജില്ലയിൽ ചേർത്തലയിലെ ചിറക്കൽ, വയലാർ, ചെങ്ങന്നൂർ എന്നിവിടങ്ങളിലും കോട്ടയത്ത് പെരുവ, പൂത്തോട്ട എന്നിവിടങ്ങളിലെ കായലുകളിലും തൃശൂരിൽ ചേറ്റുവ, എങ്ങണ്ടിയൂർ, കൈപ്പമംഗലം പെരിഞ്ഞനം എന്നിവിടങ്ങളിലുമാണ് കൃഷി തുടങ്ങിയത്.

മലപ്പുറം ജില്ലയിൽ ശുദ്ധജലതടാകങ്ങളിലും കുളങ്ങളിലുമാണ് കൃഷി. കൊല്ലത്തും കണ്ണൂരും ഓരുജലാശയങ്ങളിലും കൃഷി ആരംഭിച്ചിട്ടുണ്ട്.

സി.എം.എഫ്.ആർ.ഐയിലെ മാരിക്കൾച്ചർ വിഭാഗമാണ് കൂടുമത്സ്യകൃഷി ചെയ്യുന്നതിന് പരിശീലനങ്ങൾ നൽകുന്നത്.

കൂടുനിർമ്മാണം, മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ, തീറ്റനൽകൽ, കൃഷിക്ക് വേണ്ട ചെലവ്, കൃഷിചെയ്യുന്നതിനുള്ള ഉചിതമായ സ്ഥലങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിർദേശങ്ങളും കൃഷി ചെയ്യേണ്ട ശാസ്ത്രീയ വിവരങ്ങളുമാണ് സി.എം.എഫ്.ആർ.ഐ. കർഷകർക്ക് കൈമാറിയത്.

ഓരുജലാശയങ്ങളും ശുദ്ധജലസ്രോതസുകളും കൂടുകൃഷിക്ക് ഉചിതമാണ്. നാല് മീറ്റർ വീതം വീതിയും നീളവും ആഴവുമുള്ള കൂടുകളാണ് കൃഷി ചെയ്യാൻ ഉപയോഗിക്കുന്നത്. 48 ക്യൂബിക് മീറ്ററാണ് ഇതിന്റെ വ്യാസം. ജലാശയത്തിന്റെ ആഴത്തിനനുസരിച്ച് കൂടിന്റെ ആഴത്തിലും മാറ്റം വരാം.

വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന രീതിയിലാണ് കൂടുകൾ ജലാശയങ്ങളിൽ സ്ഥാപിക്കുന്നത്. വല, ഡ്രം അടക്കം ഈ വലിപ്പത്തിലുള്ള കൂട് സ്ഥാപിക്കുന്നതിന് 45000 മുതൽ 50000 രൂപവരെയാണ് ചെലവ്. ഒരു കൂടിൽ തന്നെ കാളാഞ്ചിയും കരിമീനും ഒരേസമയം വളർത്താം. ഒരു കൂടിൽ ആയിരം വീതം കരിമീൻ, കാളാഞ്ചി കുഞ്ഞുങ്ങളെ നിക്ഷേപിക്കാം.

ഈ മീൻകുഞ്ഞുങ്ങൾക്ക് പരമാവധി 50000 വരെ ചെലവ് വരും. ആറ് മുതൽ എട്ട് മാസം വരെയാണ് കൃഷിയുടെ കാലാവധി. കൃഷി ആരംഭിക്കുന്നതിന് പരമാവധി ഒരു ലക്ഷം രൂപയും തീറ്റയ്ക്ക് പരമാവധി 50000 രൂപയും ചെലവ് വരും. കായലുകളിൽ പ്രകൃതിദത്തമായ തീറ്റയും മത്സ്യങ്ങൾക്ക് ലഭിക്കുമെന്നതിനാൽ തീറ്റയുടെ ചിലവ് ചുരുങ്ങും. ആറ് മാസമാകുമ്പോഴേക്കും കാളാഞ്ചി 800 ഗ്രാം മുതൽ ഒന്നേക്കാൽ കിലോ വരെ സാധാരണ നിലയിൽ വളർച്ച നേടും. 90 ശതമാനം അതിജീവന നിരക്കിൽ ഒരു കൂടിൽനിന്ന് ഏറ്റവും ചുരുങ്ങിയത് 600 കിലോഗ്രാം കാളാഞ്ചിയും 250 കിലോഗ്രാം കരിമീനും ലഭിക്കും.

പൂർണമായും ജൈവകൃഷിയായതിനാൽ കാളാഞ്ചി കിലോഗ്രാമിന് 650 രൂപയും കരിമീനിന് സാധാരണയിൽ 550 രൂപയും വിപണിയിൽ ലഭിക്കും. കായലുകളിലും പൊതുജലാശയങ്ങളിലും കൃഷി ചെയ്യുന്നതിന് നഗരസഭ അല്ലെങ്കിൽ പഞ്ചായത്ത് അധികൃതരിൽ നിന്ന എൻ.ഒ.സി വാങ്ങണം. സംഘം ചേർന്നു കൂടുകൃഷി ചെയ്യുന്നതിന് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, സംസ്ഥാന സർക്കാരിന് കീഴിലുള്ള അഡാക്ക് എന്നിവരും സാമ്പത്തിക സഹായം നൽകുന്നുണ്ട്. പരിശീലനത്തിലായി സി.എം.എഫ്.ആർ.ഐയിലെ മാരിക്കൾച്ചർ വിഭാഗത്തിലാണു പേര് രജിസ്റ്റർ ചെയ്യേണ്ടത്.